# ദിവ്യസംഗീതോത്സവം-2023
## (ഗീതങ്ങൾ)

## JUNIORS

### 1. എല്ലാ ദിവസങ്ങളിൽ വലുത്

കുക്കായ

എല്ലാ ദിവസങ്ങളിൽ വലുത്-ഞായർദിനം തന്നെ
ഇഹപരലോകേ സൃഷ്ടിഗണം-മോദിക്കുന്നീ-
ദിനം-
ദൈവനാമം-ഇതിൽ മഹിമപ്പെടുന്നു-
രക്ഷയിൻ വചനം ഇതിലറിയിക്കുന്നു-
ജീവികൾ മരിച്ചവർക്കാശ്വാസം-പ്രത്യാശയും
ഉണ്ടായ്
കബറിൽനിന്നിഹകർത്താവും-ഉയിർത്തെഴുന്നേ
റ്റീ-ദിനം
ഹാലേലുയ്യാ-സഭ മോദിക്കുന്നു-ബാറെക്മോർ
പിതൃപുത്രവിശുദ്ധാത്മനു സ്തുതി
ലോകരക്ഷകൻ മ്ശിഹാരാജ-ന്റുയിർത്തെഴുന്നേ
ല്പി-ങ്കൽ

### 2. നിന്നുയിർപ്പാൽ വിടുതൽ തന്ന

1 നിന്നുയിർപ്പാൽ വിടുതൽ തന്ന-
കർത്താവേ-അനുഗ്രഹിക്ക.
2 പിതൃവചന-മാകുന്നേക-
ജാതനുയിർത്തിന്നാളിൽ
വത്സലരിൻ-കൂട്ടങ്ങൾ
മോദം പൂണ്ടറിയിച്ചിന്നാൾ.
3 താതന്റെ-ആദ്യജാതനും-
സ്തുതിയുണ്ടാകട്ടെ എന്നും
മരിച്ചവരിൽ-കടിഞ്ഞൂലിനും-
സ്തുതിയുണ്ടാകട്ടെ എന്നും.
4 മരിച്ചവരിൽ-നിന്നുയിർത്ത
ആദ്യജാതനും സ്തുതി
ആദ്യന്ത-നായുള്ള നീ
വാഴ്ത്തപ്പെ-ട്ടോനാകട്ടെ.
5 നമസ്കാരം-കേൾക്കുന്നോനേ-
യാചനകൾ-നൽകുന്നോനേ-
ഞങ്ങളിൻ പ്രാർത്ഥനകൾ കേട്ട്
യാചനകൾ-നല്കീടണമേ.

### 3. കർത്താവേ നിന്നോ-ടടുപ്പാൻ

1. കർത്താവേ നിന്നോ-ടടുപ്പാൻ വിശ്വവെളി
ച്ചമാം
സുവിശേഷം നീ തന്നതിനാൽ സ്തോത്രം
നിന്നറിയിപ്പിൽനി-ന്നുയിർവചനം കേൾക്ക
യാൽ നിന്നെ
മഹത്വീകരിപ്പാൻ-യോഗ്യരാക്ക ഞങ്ങളെ
2. സുവിശേഷവെളിച്ചം-സകലർക്കും
ശോഭിച്ചീടുവാൻ
വന്നവനായ മഹിമയെഴും രക്ഷകാ!
പാപികളാം ഞങ്ങൾ-അന്ധതനീങ്ങി
ശോഭിപ്പാൻ
ഈ സുവിശേഷം-ഫലകരമാക്കിടുക.
3. ഉപദേശം ശാസന-ശിക്ഷ നീതിയിലഭ്യാസം
ഈ വചനത്താൽ അടിയാർക്കു ലഭിപ്പാൻ
കൃപയുളളവനായ-പരമപിതാവേ വേഗം
നീ റൂഹായാലെ-അരുളീടണമെന്നും.
ശു. ബാറെക്മാർ സ്തൗമെൻകാലോ-സ്
ജ. കുറിയേലാ-യിസ്സോൻ.

### 4. ദൈവസുതർ നാമായിടുവാൻ

ദൈവസുതർ നാമായിടുവാൻ-ജീവികളായി
നടന്നപ്പോൾ
ഉപദേ-ശിച്ചിട്ടുളളവരാം പുണ്യപിതാക്കളെ-
പ്രാർത്ഥനകാഴ്ചകളൊക്കെയിലും ഓർത്തവരെ
പിന്തുടരേണം
ദൈവ-സുതൻ അവരെ മോക്ഷേ-അനുകൂല
മാക്കും
നാഥാ-അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കേണമേ.

## SENIORS

### 1. കർത്താവേ, നിൻദാസരാം

(ശുബഹൊലോക് ദബ്പുക്ക്ദോനോക് രീതി)

കർത്താവേ, നിൻദാസരാം-അടിയങ്ങളുടെ-
പ്രാർത്ഥനകൾ കേട്ടുത്തരം-അരുളീടണമേ-
ഇരുവരോ മൂവരോ എൻനാമത്തിൽ ഒരുമിച്ചീടിൽ
അവരോടുകൂടെ ഞാനും എന്നരുളിയ നാഥാ
നിൻ ശ്ലീഹന്മാരിൽ ആവസിച്ച വിശുദ്ധ റൂഹായെ
ഞങ്ങളിൽഎന്നുംവസിപ്പാനായി-അയച്ചീടണമേ

### 2. പൌലോസ് ശ്ലീഹാ ഭാഗ്യവാൻ....

പൌലോസ് ശ്ലീഹാ ഭാഗ്യവാൻ ചൊല്ലീ-ടുന്നു
നിങ്ങളെ ഞങ്ങളറിയിച്ചതെന്യേ മറ്റൊരുവൻ
വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ- താനേൽക്കും സഭ
യിൻ ശാ-പം
പലതരമുപദേശങ്ങളഹോ-പാരിൽ മുളച്ചുപര
ക്കുന്നു
ദൈവത്തിനുപദേശം-തൊ-ട്ടവസാനിപ്പിപ്പോൻ
-ധ-ന്യൻ

### 3. ഒന്നാം നാൾ അഗ്നിമയന്മാരും

ഒന്നാം നാൾ അഗ്നിമയന്മാരും
ആത്മീയരുമാം ഈറേന്മാർ
തീജ്വാല ധരിച്ചവരാം ദൂതർ
വിശുദ്ധൻ എന്നതി മൂന്നുഴം
ചൊന്നവർ കബറിങ്കൽ വന്നാർ
മഹത്ത്വം ശക്തി എന്നിവയാൽ
ദൈവം കബർ വിട്ടുയിർത്തെഴുന്നു
ഇവരെ കണ്ട കാവൽക്കാർ
മരിച്ചവരെപ്പോൽ വീഴുന്നു - ബാറെക്മാർ
ശുബഹാ
ഒന്നാം നാൾ ദേവാട്ടിൻകുട്ടി
മരിച്ചവരിൽ നിന്നുയിർത്തെഴുന്നു
ക്ഷയം തന്മേൽ പ്രബലപ്പെട്ടില്ലേതും
ദുഷ്ടനും സൈന്യവും തോറ്റോടി
ദൈവം സ്തുതിയോടും നാഥൻ
കാഹളധ്വനിയോടുമുയിർത്തു
ഇതു കണ്ടുരച്ചാൻ ദാവീദും
വിണ്ണോർ മണ്ണോർ ഇരുലോകെ
വാഴ്ത്തിടുന്നു അക്ഷയനെ
നാഥാ-അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ

### 4. ഗുണവാ-നേ നിൻവാതിലിൽ....

ഗുണവാ-നേ നിൻവാതിലിൽ മുട്ടുന്നു
യാചനയിൽ നാ-ദം
നിന്നാശ്രിതരിൽ നിന്നയ്യോ മുടക്കരുതേ-യാചന
കണ്ണീർ തൂകി വിളിച്ചവളാം ദോഷക്കാരി-
പൊറുതി ലഭിച്ചല്ലോ നിങ്കൽനിന്നു
ഈശോതന്നുടെ രക്തംകൊണ്ട് - തുണച്ചീടു
ക- നിൻസഭമേൽ
പി-ഴച്ചെ-ന്നു-ഗ്രഹിച്ചു ഞങ്ങൾ തെറ്റുകളും-
അസംഖ്യമല്ലോ
നരസുതനേ നീ ദയ ചെയ്ത്-
മ്ലേഛതയിൽനിന്നു ഞങ്ങളെ-ശുദ്ധീകരിക്ക-
ഇന്നു-